" ഭരണഭാഷ, മാതൃഭാഷ "

നമ്പർ റ്റി1/102698/2018/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 3/10/18

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2018-19 - വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

2018-19 അധ്യയന വർഷത്തിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ (ഫ്രെഷ്/റിന്യൂവൽ) സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-10-2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളുടെ ഓൺലൈൻ വെരിഫിക്കേഷൻ സുഗമമാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP) ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിന്റെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ഉപയോഗിച്ച് ഇൻസ്റ്റിറ്റ്യൂഷന്റെ യൂസർ ഐഡി ഉപയോഗിച്ച് NSP (www.scholarships.gov.in) -യിൽ ഓൺലൈനായി ഇൻസ്റ്റിറ്റ്യൂഷൻ ലെവൽ വെരിഫിക്കേഷൻ നടത്തേണ്ടതും അപേക്ഷയുടെ ഹാർഡ് കോപ്പിയും അനുബന്ധരേഖകളും ഇൻസ്റ്റിറ്റ്യൂഷനിൽ സൂക്ഷിക്കേണ്ടതുമാണ്. പ്രസ്തുത രേഖകൾ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ഫിസിക്കൽ വെരിഫിക്കേഷന് ആവശ്യമായി വരുന്നതാണ്.
2. ഇൻസ്റ്റിറ്റ്യൂഷൻ തലത്തിലുള്ള ഓൺലൈൻ വെരിഫിക്കേഷൻ എത്രയും പെട്ടെന്ന് നടത്തിയാൽ മാത്രമേ, ഇൻസ്റ്റിറ്റ്യൂഷൻ/സ്റ്റേറ്റ് ലെവൽ വെരിഫിക്കേഷൻ സമയത്ത് അപേക്ഷ, ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കാരണം ഡിഫക്ട് ചെയ്താൽ പ്രസ്തുത അപേക്ഷ തെറ്റ് തിരുത്തി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുമ്പായി വിദ്യാർത്ഥികൾക്ക് പുന:സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

3. ഇൻസ്റ്റിറ്റ്യൂഷൻ തലത്തിലുള്ള വെരിഫിക്കേഷൻ സമയത്ത് അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ എത്രയും പെട്ടെന്ന് ഡിഫെക്ട് ചെയ്യേണ്ടതും വിദ്യാർത്ഥികളോട് തെറ്റ് തിരുത്തി പുനഃസമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്. (ഫീസ് സംബന്ധമായ തിരുത്തലുകൾ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ സാധ്യമാണ്). മാത്രമല്ല വ്യാജ അപേക്ഷകൾ ഒഴിവാക്കുന്നതിനായി എല്ലാ വിദ്യാർത്ഥികളോടും ഡോക്യുമെന്റുകൾ NSP-യിൽ അപ്ലോഡ് ചെയ്യാൻ ആവശ്യപ്പെടേണ്ടതാണ്.

4. ഇൻസ്റ്റിറ്റ്യൂഷൻ ലോഗിൻ ചെയ്യുന്ന സമയത്ത് പ്രൊഫൈൽ അപ്ലോഡ് ചെയ്യണമെന്ന സന്ദേശം ലഭിക്കുകയാണെങ്കിൽ Administration എന്ന മെനുവിലൂടെ Update Profile സെലക്ട് ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകിയതിന് ശേഷം ഇൻസ്റ്റിറ്റ്യൂഷന്റെ Registration Certificate പി.ഡി.എഫ് ഫോർമാറ്റിൽ (<200kb) അപ്ലോഡ് ചെയ്യേണ്ടതാണ്. അതിന് ശേഷം Add and Update details സെലക്ട് ചെയ്ത് കോഴ്സുകളും, ഫീസുകളും അപ്ഡേറ്റ് ചേയ്യേണ്ടതാണ്. ഇപ്രകാരം ചെയ്താൽ മാത്രമേ ഇൻസ്റ്റിറ്റ്യൂഷൻ ലോഗിനിൽ വെരിഫിക്കേഷൻ മെനു ലഭ്യമാവുകയുള്ളൂ. മാത്രമല്ല വിദ്യാർത്ഥികൾക്ക് സുഗമമായ രീതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനും ഇതാവശ്യമാണ്.

5. ഇൻസ്റ്റിറ്റ്യൂഷന്റെ password റീസെറ്റ് ചെയ്യുന്നതിനും, O.T.P ലഭിക്കേണ്ട മൊബൈൽ നമ്പർ മാറ്റം വരുത്തുന്നതിനും സ്ഥാപനമേധാവി തപാൽ മുഖേന ഔദ്യോഗികമായി സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർക്ക് കത്ത് നൽകേണ്ടതാണ്. User Id/password/O.T.P ലഭിക്കേണ്ട മൊബൈൽ നമ്പർ കത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. വെരിഫിക്കേഷൻ സമയത്തും മറ്റും പലതവണ O.T.P ആവശ്യപ്പെടുന്നതിനാൽ സ്കോളർഷിപ്പ് ആവശ്യങ്ങൾക്കായി ഒരു ഔദ്യോഗിക മൊബൈൽ ഫോൺ ഉണ്ടായിരിക്കുന്നത് നല്ലതായിരിക്കും.

6. ഒരു കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതും, പൊതുവായ ഒരു U-Dise കോഡുള്ളതുമായ സെക്കണ്ടറി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾക്ക് NSP യിൽ പൊതുവായ ഒരു User id ആണ് ഉണ്ടായിരിക്കുക. ആയതിനാൽ ഇപ്രകാരമുള്ള സ്കൂളുകൾ NSP യിൽ, പ്രി-മെട്രിക്, പോസ്റ്റ് മെട്രിക് തുടങ്ങിയ സ്കോളർഷിപ്പുകൾ ഓൺലൈൻ

വെരിഫിക്കേഷൻ നടത്തേണ്ടത് ഈ പൊതു യൂസർ ഐഡി ഉപയോഗിച്ചാണ്. ഇത്തരത്തിലുള്ള സ്കൂളുകളിൽ ഏതെങ്കലും വിഭാഗങ്ങൾക്ക് NSP യിൽ ഇൻസ്റ്റിറ്റ്യൂഷൻ ലോഗിൻ ചെയ്യാൻ സാധിക്കാതിരിക്കുകയും, മറ്റേതെങ്കിലും വിഭാഗം Password Reset ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിൽ പുതിയ Password ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള സ്കൂളുകളുടെ ഓരോ വിഭാഗത്തിലെയും കോഴ്സ് ലെവലുകളും, കോഴ്സുകളും ഇൻസ്റ്റിറ്റ്യൂഷൻ ലോഗിനിലെ Administration മെനുവിലൂടെ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ല. ഇപ്രകാരമുള്ള സ്കൂളുകൾക്ക് ഓരോ വിഭാഗത്തിനും വ്യത്യസ്തമായ U-Dise കോഡ് ലഭിക്കുകയാണെങ്കിൽ അതുപയോഗിച്ച് ഓരോ വിഭാഗത്തിനെയും പ്രത്യേക സ്കൂളുകളായി NSP യിൽ Add ചെയ്യാവുന്നതാണ്.

7. യൂണിവേഴ്സിറ്റികൾ തങ്ങളുടെ AISHE കോഡ് ഉപയോഗിച്ച് NSP യിൽ അതാത് യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും യൂണിവേഴ്സിറ്റിയുടെ ക്യാംപസിൽ സ്ഥിതി ചെയ്യുന്ന വിവിധ ഡിപ്പാർട്ടുമെന്റുകളിലെ കോഴ്സുകൾ പൊതു ലോഗിനിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷകളിൻമേൽ ഇൻസ്റ്റിറ്റ്യൂഷൻ വെരിഫിക്കേഷൻ നടത്തേണ്ടത് ഈ പൊതു യൂസർ ഐഡി ഉപയോഗിച്ചാണ്. ആയതിനാൽ പൊതുവായി ഉപയോഗിക്കാൻ സാധിക്കുന്ന മൊബൈൽ നമ്പർ NSP യിൽ രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുക. യൂണിവേഴ്സിറ്റിയുടെ ഒരു ക്യാംപയിലുള്ള ഏതെങ്കിലും ഡിപ്പാർട്ട്മെന്റുകൾ കോഡില്ലാതെ NSP യിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാലും, യൂണിവേഴ്സിറ്റിയുടെ AISHE കോഡിൽ ഏതെങ്കിലും ഡിപ്പാർട്ട്മെന്റ് NSP യിൽ രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാലും, ഒരു പൊതുവായ മൊബൈൽ നമ്പറിലേക്ക് Password റീസെറ്റ് ചെയ്യുന്നതിനും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറെ കത്ത് മുഖേന അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ കമ്മ്യൂണിക്കേറ്റ് ചെയ്യുമ്പോൾ, എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും വേണ്ടി ചുമതലപ്പെടുത്തിയ ഒരു പൊതു അധികാരി മുഖേനയാവാൻ ശ്രദ്ധിക്കുക. യൂണിവേഴ്സിറ്റി ക്യാംപസിന് പുറത്തുള്ള ഡിപ്പാർട്ട്മെന്റുകൾ ആ ക്യാംപസിന് ലഭിച്ച AISHE കോഡ് ഉപയോഗിച്ച് NSP യിൽ പ്രത്യോകമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. ഒരു വിദ്യാഭ്യാസ സ്ഥാപനം NSP യിൽ രജിസ്റ്റർ ചെയ്യുന്നതിന് സ്കൂളുകൾക്ക് DISE കോഡും, I.T.I - I.T.C തുടങ്ങിയ സ്ഥാപനങ്ങൾക്ക് NCVT കോഡും, കോളേജ്-യൂണിവേഴ്സിറ്റി-പോളിടെക്നിക് കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് AISHE കോഡും ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള കോഡുകൾ ലഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ NSP യിൽ രജിസ്റ്റർ ചെയ്യുന്നതിന് സ്ഥാപനത്തിന്റെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഇതോടനുബന്ധിച്ച് കൊടുത്തിട്ടുള്ള ഫോർമാറ്റിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളും സഹിതം സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ വിലാസത്തിൽ കത്ത് മുഖേന അപേക്ഷിക്കാവുന്നതാണ്. സ്ഥാപനത്തിന് AISHE കോഡ് നിലവിലുണ്ടോ എന്നറിയുന്നതിനും, AISHE കോഡ് ലഭിക്കുന്നതിനുമുള്ള വെബ് പോർട്ടലിന്റെ ലിങ്ക് NSP യിലെ സർവ്വീസ് മെനുവിൽ ലഭ്യമാക്കിയിട്ടുണ്ട്.

9. ഇൻസ്റ്റിറ്റ്യൂഷൻ ലോഗിനിലൂടെ കോഴ്സുകൾ ആഡ് ചെയ്യുന്നതിന് ഇൻസ്റ്റിറ്റ്യൂഷന് സാധിക്കുന്നതാണ്. ലിസ്റ്റിൽ ഉൾപ്പെടാത്ത കോഴ്സുകളുണ്ടെങ്കിൽ കോഴ്സിന്റെ പേരും, കോഴ്സിന്റെ കാലാവധിയും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറെ കത്ത് മുഖേന അറിയിക്കേണ്ടതാണ്.

10. ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷൻ ഒന്നിലധികം പേരിൽ NSP യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലോ, ഇൻസ്റ്റിറ്റ്യൂഷന് ഒന്നിലധികം യൂസർ ഐഡികൾ ഉണ്ടെങ്കിലോ പ്രസ്തുത വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള സ്ഥാപനങ്ങൾ ഒറ്റ പേരിലേക്ക് ലയിപ്പിക്കാവുന്നതാണ്.

ഒപ്പ്/-
എൻ.എസ്.മിനി
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

//അംഗീകാരത്തോടെ//

സുപ്രണ്ട്

ഗീതു 4/10/18

Institution Details

Institute Name, DISE/AISHE/ NCVT code, Institute Nature, Board State, Board/University Name, Course level offered, Institute address, Institute state, Institute district, Institute Taluk/Block, Institute Pin code, Institute Tin No, Institute tan no, Name of the Nodal Officer of the Scholarship, Mobile No (to receive User id/Password/OTP), E-mail Id, copy of Registered Certificate (Affiliation Certificate), Bank Details (A/c no., branch, IFSC) etc.